(Pages : 4) **G – 4389**

Reg. No. : .............................

Name : .................................

# Second Semester M.A. Degree Examination, July 2019

## Branch : Malayalam Language and Literature

## Paper VII – ML 223 : സാഹിത്യമീമാംസ - പൗരസ്ത്യം

## (Common for Malayalam Language and Literature and Malayalam with Media Studies)

## (2013 Admission onwards)

Time : 3 Hours Max. Marks : 75

gcwcentrallibrary.in

I. ഈരണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. (a) ആരാണ് സഹൃദയൻ? നിർവ്വചിച്ച് വിശദീകരിക്കുക.

അല്ലെങ്കിൽ

(b) അഭിധാനിയാമകങ്ങൾ ഏവ? സോദാഹരണം വിവരിക്കുക.

2. (a) മഹാകാവ്യങ്ങളുടെ പൊതുസ്വഭാവം നിർണ്ണയിക്കുക.

അല്ലെങ്കിൽ

(b) ഭാരതീയ നാടകത്തിലെ കഥാപാത്ര സങ്കല്പം വ്യക്തമാക്കുക.

3. (a) വിഷൗഷധന്യായവശാൽ

ദോഷമെല്ലാമദോഷമാം

- ദോഷം അദോഷമാകുന്ന സന്ദർഭങ്ങൾ ഏതെല്ലാം?

അല്ലെങ്കിൽ

(b) പ്രതിവസ്തൂപമ, ദീപിക എന്നിവയുടെ ലക്ഷ്യലക്ഷണ സമന്വയം ചെയ്ത് സാമ്യവൈജാത്യങ്ങൾ ചൂണ്ടിക്കാട്ടുക.

P.T.O.

4. (a) 'സൗന്ദര്യമലങ്കാര:' - ഈ നിർവ്വചനത്തിലെ സൗന്ദര്യപദത്തിന്റെ അർത്ഥവ്യാപ്തി വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) ഭാരതീയാലങ്കാരികന്മാരുടെ കാവ്യനിർവ്വചനങ്ങൾ സാമാന്യേന ഒരേ സ്വഭാവം കൈക്കൊള്ളുന്നവയാണ് - പരിശോധിക്കുക.

5. (a) ശാന്തരസത്തെക്കുറിച്ചുള്ള മതഭേദങ്ങൾ സംഗ്രഹിക്കുക.

അല്ലെങ്കിൽ

(b) ഗുണീഭൂതവ്യംഗ്യകാവ്യം എന്നതുകൊണ്ട് വിവക്ഷിക്കുന്നതെന്ത്?

6. (a) അലങ്കാരങ്ങളിൽ ശ്രേഷ്ഠവും കാവ്യസൗന്ദര്യസർവ്വസ്വമാണ് ഉപമ എന്ന നിരീക്ഷണത്തിന്റെ സാധുതയെന്ത്?

അല്ലെങ്കിൽ

(b) വസന്തമാലിക, പുഷ്പിതാഗ്ര എന്നിവയുടെ ലക്ഷണമെഴുതി ഉദാഹരിക്കുക.

7. (a) കുന്തകൾ പറയുന്ന വക്രോക്തി വിഭാഗങ്ങൾ പരിചയപ്പെടുത്തുക.

അല്ലെങ്കിൽ

(b) ഉചിതമായ അവസ്ഥ തന്നെ ഔചിത്യം - സോദാഹരണം വ്യക്തമാക്കുക.

**(7 × 3 = 21 Marks)**

II. നന്നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8. (a) രീതി പദ്ധതിയുമായി ബന്ധപ്പെട്ട് വാമനനും കുന്തകനും അവതരിപ്പിച്ച മുഖ്യവാദഗതികൾ താരതമ്യദൃഷ്ട്യാ പരിശോധിക്കുക.

അല്ലെങ്കിൽ

(b) ദശഗുണ പദ്ധതി വിവരിച്ച് പിൽക്കാലത്ത് ഗുണങ്ങൾ മൂന്നായി ചുരുങ്ങിയതിന്റെ യുക്തി ആരായുക.

9. (a) ഭാരതീയ സാഹിത്യശാസ്ത്രത്തിന്റെ വികാസപരിണാമങ്ങൾ ചർച്ചചെയ്യുക.

അല്ലെങ്കിൽ

(b) രസസിദ്ധാന്തവും ധ്വനി സിദ്ധാന്തവും - പരസ്പരപൂരകമോ? പരിശോധിക്കുക.

10. (a) അലങ്കാരസങ്കല്പത്തിന് കാലക്രമത്തിൽ വന്ന അപചയം ചർച്ചചെയ്യുക.

അല്ലെങ്കിൽ

(b) കാവ്യഹേതുക്കളെക്കുറിച്ചും കാവ്യപ്രയോജനത്തെക്കുറിച്ചുമുള്ള ഭാരതീയ സങ്കല്പങ്ങൾ അപഗ്രഥന വിധേയമാക്കുക.

11. (a) ഭാഷാഭൂഷണത്തിലെ രസനിരൂപണം എത്രത്തോളം സമീപനമാണെന്നു പരിശോധിക്കുക.

അല്ലെങ്കിൽ

(b) 'രസം ഒന്നേയുള്ളൂ; അതിന് ശൃംഗാരാദിഭേദം കല്പിച്ചത് വ്യവഹാരസൗകര്യം കണക്കാക്കിമാത്രം' - ചർച്ച ചെയ്യുക.

12. (a) ശബ്ദവ്യാപാരങ്ങളെ കുറിച്ചുള്ള അപഗ്രഥനത്തിൽ ഭാരതീയദർശനം എത്രത്തോളം ഭദ്രമാണെന്ന് വിലയിരുത്തുക.

അല്ലെങ്കിൽ

(b) ദ്രാവിഡ വൃത്തങ്ങളും സംസ്കൃത വൃത്തങ്ങളും തമ്മിലുള്ള അന്തരം സോദാഹരണം നിരൂപിക്കുക.

**(5 × 6 = 30 Marks)**

III. അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

13. (a) ദ്രാവിഡ കാവ്യശാസ്ത്രത്തിന്റെ അടിസ്ഥാനസങ്കല്പനങ്ങൾ വിശദീകരിക്കുക.

അല്ലെങ്കിൽ

(b) ആധുനിക മലയാള കവിതയിലെ വൃത്തവിനിയോഗത്തെ കുറിച്ച് പഠനം തയ്യാറാക്കുക.

14. (a) ഭരതന്റെ രസസൂത്രം ഉദ്ധരിച്ച് അതിനു പിൽക്കാലത്തുണ്ടായ വ്യാഖ്യാനങ്ങൾ പരിശോധിക്കുക.

അല്ലെങ്കിൽ

(b) രസാസ്വാദനത്തിൽ സംഭവിക്കാവുന്ന സപ്തവിഘ്നങ്ങളെക്കുറിച്ച് പ്രതിപാദിക്കുക.

gcwcentrallibrary.in

15. (a) ധ്വനി നിരാസവാദങ്ങൾ പൊതുവെ പരാജയപ്പെടുകയാണുണ്ടായത് ഈ അഭിപ്രായത്തിന്റെ സാധുതയെപ്പറ്റി ഉപരിചിന്തനം നടത്തുക.

അല്ലെങ്കിൽ

(b) ദശരൂപകങ്ങളോരോന്നിന്റെയും ഘടന സോദാഹരണം വിശദീകരിക്കുക.

**(3 × 8 = 24 Marks)**

---

gcwcentrallibrary.in